## പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - മലപ്പുറം ജില്ല - വെട്ടത്തൂർഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.വേലായുധൻ.വി.എൻ, കണ്ണമംഗലംഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.രാജശേഖരൻ.പി.കെ എന്നിവരെ 2017-18 വർഷത്തെ പദ്ധതി പ്രവർത്തനം വീഴ്ചവരുത്തിയതിന് അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു ഉത്തരവാകുന്നു.

പരാമർശം: 1.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.06.2017 ലെ ഡി.10-501/17 നമ്പർ കത്ത് .

2. സ.ഉ. ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തീയതി 29.03.2017

### ഉത്തരവ് നമ്പർ. ഡി4-18805/2017 തീയതി: 02.06.2017.

1. മലപ്പുറം ജില്ലയിലെ വെട്ടത്തൂർഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.വേലായുധൻ.വി.എൻ, കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.രാജശേഖരൻ.പി.കെ എന്നിവർ 2017-18 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിന് വേണ്ട നടപടികൾ യഥാസമയം കൈകൊള്ളാതെയും, പദ്ധതികൾ ഡേറ്റാ എൻട്രി നടത്തുകപോലും ചെയ്യാതേയും , പരാമർശം(2) പ്രകാരമുള്ള ഉത്തരവ് ലംഘിച്ചിരിക്കുകയാണെന്ന് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ വെട്ടത്തൂർ, കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തിരിക്കുകയാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം പദ്ധതി നടപടി ക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും, ഡേറ്റാ എൻട്രി നടപടികൾ നടത്തുവാനുള്ള ശ്രമം നടത്തിയിട്ടില്ലായെന്ന് കാണുന്നു. ആയതിന്റെ ഫലമായി പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു

ആയതിനാൽ ഗുരുതരമായ കൃത്യവിലോപത്തിന് ഉത്തരവാദികളായവെട്ടത്തൂർഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.വേലായുധൻ.വി.എൻ, കണ്ണമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.രാജശേഖരൻ.പി.കെ എന്നിവരെ തുടർ അന്വേഷണത്തിനും അച്ചടനടപടികൾക്കും വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ.വേലായുധൻ.വി.എൻ, ശ്രീ.രാജശേഖരൻ.പി.കെ എന്നിവർക്ക് നിയമാനുസൃതമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

വി.രതീശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

1. ശ്രീ. ശ്രീ.വേലായുധൻ.വി.എൻ
   സെക്രട്ടറി, വെട്ടത്തൂർഗ്രാമപഞ്ചായത്ത
2. ശ്രീ.രാജശേഖരൻ.പി.കെ
   സെക്രട്ടറി, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്
   (മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്: 1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (ഉത്തരവ് നടപ്പിൽ വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. സെക്രട്ടറി, വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്
3. സെക്രട്ടറി, കണ്ണമംഗലം ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട് 'ഇ' സെക്ഷൻ
3. കരുതൽ/അധികം.